# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം,
കായംകുളം – 690 533, ആലപ്പുഴ, കേരളം

## വാർത്താപത്രിക NEWS LETTER

JANUARY-MARCH 2018 /ജനുവരി–മാർച്ച് 2018 Vol. 16 (1) /വാല്യം 16 (1)


## ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദന കമ്പനി അംഗങ്ങൾക്ക് – പഠനയാത്ര




കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദന കമ്പനിയിലെ ഡയറക്ടർ ബോർഡ് അംഗങ്ങളെയും തിരഞ്ഞെടുത്ത കർഷകരെയും ഉൾക്കൊള്ളിച്ചു കൊണ്ട് 2018 ജനുവരി 8,9 തീയതികളിൽ ഒരു പഠനയാത്ര സംഘടിപ്പിച്ചു. കോഴിക്കോട് കേന്ദ്ര സുഗന്ധവിള ഗവേഷണ സ്ഥാപനം, പെരുവണ്ണാമുഴിയിലുള്ള ഗവേഷണ ഫാം, പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന സുഭിക്ഷ, കോഴിക്കോട് കൃഷി വിജ്ഞാനകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ സംഘം സന്ദർശിച്ചു.

ഇന്ത്യയിലെ തന്നെ ആദ്യത്തെ കർഷക ഉൽപാദക കമ്പനികളിലൊന്നായ, സ്ത്രീകൾ മാത്രം അംഗങ്ങളായിട്ടുള്ള, സുഭിക്ഷയുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുവാൻ കർഷകർക്ക് അവസരം ലഭിച്ചു. സുഗന്ധ വ്യഞ്ജനങ്ങളുടെയും നാളികേരത്തതിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് ഈ കമ്പനി പ്രധാനമായും കൈകാര്യം ചെയ്യുന്നത്. പെരുവണ്ണാമുഴി ഫാമിലെ സുഗന്ധവ്യഞ്ജന വിളകളുടെ സംരംഭകത്വ വികസന കേന്ദ്ര സന്ദർശനത്തിലൂടെ സുഗന്ധവിളകളുടെ മൂല്യവർദ്ധനവ് നടത്തുന്നതിനാവശ്യമായ വിവിധതരം യന്ത്രങ്ങളെ പരിചയപ്പെടുവാൻ സാധിച്ചു. ഈ പഠനയാത്ര കർഷകർക്ക് പ്രയോജനപ്രദമായെന്നും അത് തങ്ങളുടെ കമ്പനി പ്രവർത്തനങ്ങൾക്ക് പ്രചോദനമായതായും കർഷകർ അഭിപ്രായപ്പെട്ടു.



## ഉള്ളടക്കം


- നൂതന സാങ്കേതിക വിദ്യകൾ
  - I. പയറിന്റെ വിളസമൃദ്ധിക്ക് സമ്പൂർണ്ണ
  - II. ബാക്ടീരിയൽ വാട്ടരോഗ പ്രതിരോധത്തിന് ഗ്രാഫ്റ്റ് ചെയ്ത തക്കാളി തൈകൾ
  - III. പാൽകൂണിന്റെ പുതിയ ഇനം "ഭീമ"
  - IV. മുറ്റത്തെ കോഴിക്ക് മീൻ സൈലേജ് തീറ്റ
- തലവടിയിൽ കൊയ്ത്തുത്സവം
- ജില്ലാ കാർഷിക സാങ്കേതിക വിദ്യാസംഗമം
- പ്രധാനമന്ത്രി കർഷകരെ അഭിസംബോധന ചെയ്തു


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ ഈ QR CODE സ്കാൻ ചെയ്യു.


**കെ. വി.കെ.യുമായി ബന്ധപ്പെടാൻ...**

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com
www.kvkalappuzha.org

# നൂതന സാങ്കേതിക വിദ്യകൾ

## പയറിന്റെ വിള സമൃദ്ധിക്ക് "സമ്പൂർണ്ണ"



സംയോജിത വളപ്രയോഗത്തിലൂടെ പയറുകൃഷിയിൽ മെച്ചപ്പെട്ട വിളവ് ഉണ്ടാക്കാൻ സാധിക്കുമെന്ന് കർഷകരെ ബോധ്യപ്പെടുത്തുവാനായി ചിങ്ങോലി പഞ്ചായത്തിലെ തെരഞ്ഞെടുത്ത പച്ചക്കറി കർഷകരുടെ കൃഷിയിടങ്ങളിൽ "പയർ കൃഷിയിൽ മൂലക മിശ്രിതത്തിന്റെ പ്രയോഗം" എന്ന പ്രദർശന പരിപാടി സംഘടിപ്പിച്ചു. മണ്ണ് പരിശോധന അടിസ്ഥാനമാക്കി ഡോളമൈറ്റ് ഉപയോഗിച്ച് അമ്ലത നിയന്ത്രിച്ചതിനു ശേഷം ആവശ്യമായ ജൈവവളങ്ങളും സൂക്ഷ്മമൂലക വള മിശ്രിതവും ചെടികൾക്ക് നൽകി.

പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ വളങ്ങളായി മണ്ണിലൂടെ നൽകുന്നതിനു പുറമേ കാത്സ്യം, മഗ്നീഷ്യം എന്നീ ഉപപ്രധാന മൂലകങ്ങളും സിങ്ക്, ബോറോൺ, മാംഗനീസ് എന്നീ സൂക്ഷ്മ മൂലകങ്ങളും അടങ്ങിയ "സമ്പൂർണ്ണ"എന്ന മൂലകമിശ്രിതം ഇലകളിൽ തളിക്കുക കൂടി ചെയ്തപ്പോൾ ചെടികളുടെ വളർച്ചയും വിളവും മെച്ചപ്പെട്ടതായി കർഷകർ അഭിപ്രായപ്പെട്ടു. കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ "സമ്പൂർണ്ണ" എന്ന മൂലകമിശ്രിതം ഒരു ലി. വെള്ളത്തിൽ 5 ഗ്രാം എന്ന തോതിൽ കലക്കി നട്ട് 30,45,60 ദിവസങ്ങൾക്ക് ശേഷം ഇലകളിൽ തളിക്കുകയാണ് ചെയ്തത്. കായകളുടെ നീളം, തൂക്കം, വണ്ണം എന്നിവ വർദ്ധിക്കാനും ഇലഞെട്ടുകൾ തമ്മിലുള്ള അകലം കുറയ്ക്കുവാനും ഈ സാങ്കേതിക വിദ്യ കർഷകരെ സഹായിച്ചു. കൃത്യമായ നിരീക്ഷണം നടത്തി കീടനിയന്ത്രണ മാർഗ്ഗങ്ങളും അവലംബിച്ചു.

ചിങ്ങോലി കൃഷി ഭവനിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. നിയാസിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ അവലോകന യോഗത്തിലാണ് കർഷകർ അനുഭങ്ങൾ പങ്കുവച്ചത്. വളങ്ങൾ ആവശ്യാനുസരണം വളരെ കുറഞ്ഞ അളവിൽ ഇലകളിൽ തളിക്കുന്നതിനാൽ മണ്ണ് മലിനമാകുന്നില്ല. കൂടാതെ പല തവണ പ്രയോഗിക്കുന്നതിനാൽ കാര്യക്ഷമതയും കൂടുതലാണെന്ന പ്രത്യേകതയും ഈ രീതിക്കുണ്ട്. മൂലകങ്ങളുടെ അഭാവ ലക്ഷണങ്ങൾ ഇതു മൂലം പ്രകടമായില്ലെന്ന് കർഷകർ അഭിപ്രായപ്പെട്ടു. സാധാരണ കൃഷിയും ഒപ്പം ചെയ്തതിനാൽ കർഷകർക്ക് സ്വയം താരതമ്യം ചെയ്ത് വിലയിരുത്തുവാൻ സാധിച്ചു. ഈ മിശ്രിതം കർഷകർക്ക് ലഭ്യമാക്കണമെന്ന ആവശ്യം ഉയർന്നതിനെ തുടർന്ന് കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും കർഷകർക്ക് മിതമായ നിരക്കിൽ "സമ്പൂർണ്ണ" ലഭ്യമാക്കി തുടങ്ങി.

## ബാക്ടീരിയൽ വാട്ടരോഗ പ്രതിരോധത്തിന് ഗ്രാഫ്റ്റ് ചെയ്ത തക്കാളി തൈകൾ




വഴുതന വർഗ്ഗ പച്ചക്കറികളായ തക്കാളി, മുളക്, വഴുതനങ്ങ എന്നിവയെ ബാധിക്കുന്ന പ്രധാന രോഗമാണ് ബാക്ടീരിയൽ വാട്ടം. അമ്ലത്വം കൂടിയ നമ്മുടെ മണ്ണിൽ ഈ വാട്ടരോഗം വ്യാപകമായി കാണപ്പെടുന്നുണ്ട്. ഇലകളും തണ്ടും വാടുന്നതാണ് പ്രാരംഭ ലക്ഷണം. തുടർന്ന് ചെടി വാടി ഉണങ്ങി നശിക്കുന്നു. നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാത്ത പക്ഷം അടുത്തടുത്ത് നിൽക്കുന്ന ചെടികളിലേക്ക് മണ്ണിലൂടെ തന്നെ ഈ രോഗം വളരെ വേഗം പടരുന്നു. വേരുകളെയാണ് ബാധിക്കുന്നത് എന്നതുകൊണ്ട് തന്നെ പ്രതിരോധ ശേഷിയുള്ള ഇനങ്ങൾക്കേ പിടിച്ചു നിൽക്കാനാവൂ. ഇതിനായി അത്യുത്പാദനശേഷിയുള്ള ഇനങ്ങളെ പ്രതിരോധ ശേഷിയുള്ള നാട്ടിനങ്ങളിൽ ഗ്രാഫ്റ്റ് ചെയ്യുന്ന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത് കൃഷിയിടത്തിൽ പരീക്ഷിക്കുന്നതിനായി ബാക്ടീരിയൽ വാട്ടത്തെ ചെറുക്കുന്ന തക്കാളിയിനമായ അർക്ക രക്ഷക് കാട്ടു വഴുതനയിൽ ഗ്രാഫ്റ്റ് ചെയ്ത തൈകൾ ആറാട്ടുപുഴ, നൂറനാട്, പാലമേൽ എന്നീ പഞ്ചായത്തുകളിലെ 25 ഓളം കർഷകർക്ക് കൃഷിയിട പരീക്ഷണത്തിനായി നൽകുകയുണ്ടായി.

കർഷകർ പരമ്പരാഗതമായി കൃഷി ചെയ്യുന്ന തക്കാളിയിൽ 45.2 % ബാക്ടീരിയൽ വാട്ടം കാണപ്പെട്ടപ്പോൾ കാട്ടു വഴുതനയിൽ ഗ്രാഫ്റ്റ് ചെയ്തെടുത്ത അർക്ക രക്ഷക് തീർത്തും രോഗവിമുക്തമായിരുന്നു. ഒരു ചെടിയിൽ നിന്ന് ശരാശരി 6.6 കിലോ വിളവും കായ്കൾക്ക് ശരാശരി 90 ഗ്രാ തൂക്കവും രേഖപ്പെടുത്തി. ഗ്രാഫ്റ്റ് ചെയ്ത ഇത്തരം തൈകൾ ബാക്ടീരിയൽ വാട്ടത്തെ ചെറുക്കുന്നതുകൂടാതെ നല്ല രുചിയുള്ളതാണെന്നും അതിനാൽ ജില്ലയ്ക്ക് അനുയോജ്യമാണെന്നും പങ്കാളികളായ കർഷകർ വിലയിരുത്തി.

## പാൽകൂണിന്റെ പുതിയ ഇനം "ഭീമ"




കൂൺ കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ് വേനൽകാലത്ത് ചിപ്പികൂണിന്റെ വിളവിലുണ്ടാകുന്ന ഗണ്യമായ കുറവ്. ഇതിനൊരു പരിഹാരമാണ് പാൽകൂൺ. സാധാരണയായി കാലോസൈബ ഇൻഡിക്ക എന്ന ഇനമാണ് കൃഷി ചെയ്ത് പോരുന്നത്. എന്നാൽ ഈ ഇനം പാചകം ചെയ്ത് കഴിയുമ്പേൾ ഒരു മക്കച്ചുവ അനുഭവപ്പെടുന്നതിനാൽ വിൽപനയ്ക്ക് ബുദ്ധിമുട്ട് നേരിടുന്നതായി കർഷകർ അഭിപ്രായപ്പെട്ടു. ഈ പ്രശ്നം ദൂരീകരിക്കുന്നതിനായി "ഭീമ" എന്ന പേരിൽ അറിയപ്പെടുന്ന കാലോസൈബ ഗാംബോസ എന്ന പുതിയ പാൽകൂണിനം കർഷകരെ കൃഷി വിജ്ഞാന കേന്ദ്രം പരിചയപ്പെടുത്തി. 2016–2017 ൽ കർഷക പങ്കാളിത്ത പരീക്ഷണമായി ഇതിന്റെ വിത്ത് 5 കൂൺ കർഷകർക്ക് നൽകുകയുണ്ടായി. പ്രതീക്ഷിച്ച രീതിയിലുള്ള ഫലം ലഭ്യമായതിനാൽ 2017–2018 കാലയളവിൽ ജില്ലയുടെ വിവിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 25 കൂൺ കർഷകരുടെ കൃഷിയിടത്തിൽ മുൻനിര പ്രദർശനമായി "ഭീമ" എന്ന പാൽ കൂണിനത്തിന്റെ കൃഷി വ്യാപിപ്പിച്ചു.

"ഭീമ" എന്ന ഈ പുതിയ ഇനം വലിപ്പത്തിലും രുചിയിലും സാധാരണ പാൽകൂണിനെ വെല്ലുമെന്ന് കർഷകർ വിലയിരുത്തി. ഒരു തടത്തിൽ നിന്നും ശരാശരി 600–700 ഗ്രാം കൂൺ ലഭിച്ചു. ഈ സാങ്കേതികവിദ്യ കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനായി കായംകുളം പുള്ളിക്കണക്കിൽ ശ്രീമതി. മിനി ശിവരാജന്റെ "വൈറ്റ് ബട്ടൺസ്"കൂൺ യൂണിറ്റിൽ 08.05.2018 ന് പങ്കാളികളായ കൂൺ കർഷകരുടെ ഒരു അവലോകനയോഗവും സംഘടിപ്പിച്ചു. ഈ യോഗത്തിൽ പങ്കെടുത്ത മറ്റ് കർഷകർ പുതിയ ഇനം കൃഷി ചെയ്യുവാനുള്ള താൽപര്യവും സന്നദ്ധതയും അറിയിച്ചു.



## മുറ്റത്തെ കോഴിക്ക് മീൻ സൈലേജ് തീറ്റ



കോഴി കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് പോഷകഗുണമുള്ള തീറ്റയ്ക്ക് വേണ്ടിവരുന്ന ചിലവ്. വീട്ടു വളപ്പിൽ പത്തോ പതിനഞ്ചോ കോഴികളെ വളർത്തുന്ന വീട്ടമ്മമാർക്ക് വിപണിയിൽ നിന്ന് ലഭിക്കുന്ന തീറ്റ വിലകൊടുത്തു വാങ്ങി നൽകുന്നത് ഒട്ടും ലാഭകരമല്ല. ഇതിനൊരു പരിഹാരമാണ് മത്സ്യാവശിഷ്ടങ്ങളിൽ നിന്നും പോഷകഗുണമുള്ള കോഴിത്തീറ്റ വീട്ടിൽ തന്നെ തയ്യാറാക്കുന്ന സാങ്കേതിക വിദ്യ. ഇത് പ്രചരിപ്പിക്കുന്നതിനായി ആറാട്ടുപുഴ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള വീട്ടമ്മമാരെ പങ്കാളികളാക്കി ഒരു മുൻനിര പ്രദർശന പരിപാടി സംഘടിപ്പിച്ചു.

ഓരോ ദിവസവും ലഭ്യമാകുന്ന മത്സ്യത്തിന്റെ അവശിഷ്ടങ്ങളായ തലയും കുടലുമെല്ലാം ശേഖരിച്ച് ഫോമിക് ആസിഡിന്റെ സഹായത്തോടെ വിഘടിപ്പിച്ച് അരിതവിടോ ഗോതമ്പുതവിടോ ചേർത്ത് ഒരാഴ്ചകൊണ്ട് തരി രൂപത്തിലുള്ള കോഴിത്തീറ്റ തയ്യാറാക്കുന്നതാണ് ഈ സാങ്കേതിക വിദ്യ. അടുക്കള മുറ്റത്ത് വളർത്തുന്ന കോഴികൾക്ക് നൽകാവുന്ന ദുർഗന്ധമില്ലാത്ത മാംസ്യ സമ്പുഷ്ടമായ തീറ്റയാണ് മീൻ സൈലേജ്. മാംസ്യത്തിന്റെ കുറവുമൂലം കോഴികൾ പരസ്പരം തൂവൽ കൊത്തിതിന്നുന്ന പ്രവണത നിയന്ത്രിക്കുവാനും, മുട്ടയുത്പാദനം വർദ്ധിപ്പിക്കുവാനും, വലിപ്പവും ഗുണമേന്മയുമുള്ള മുട്ടകൾ ലഭിക്കുന്നതിനും ഇത് ഉപകാരപ്രദമാണ്.

പദ്ധതിയിൽ പങ്കാളികളായ വീട്ടമ്മമാരുടെ ഒരു അവലോകന യോഗം മെയ് 4–ാം തീയതി ആറാട്ടുപുഴയിലെ പെരുമ്പള്ളിയിൽ നടത്തുകയുണ്ടായി. തദവസരത്തിൽ ഗുണഭോക്താക്കളായ വീട്ടമ്മമാർ ഈ തീറ്റ നൽകിയ കോഴികളുടെ ആരോഗ്യം മെച്ചപ്പെട്ടതായും മുട്ടയുടെ വലുപ്പവും തോടിന്റെ ഉറപ്പും കൂടിയതായും അഭിപ്രായപ്പെട്ടു. കൂടാതെ ചെലവുകുറഞ്ഞ പോഷക സമ്പന്നമായ ഈ കോഴിത്തീറ്റ അടുക്കള മുറ്റത്തെ കോഴിവളർത്തലിനെ കൂടുതൽ ലാഭകരമാക്കുന്നതായും പറഞ്ഞു.



# തലവടിയിൽ കൊയ്ത്തുത്സവം



കൃഷിവിജ്ഞാന കേന്ദ്രം തലവടി പഞ്ചായത്തിൽ നടപ്പാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി "വിഭവ-സംരക്ഷിത പ്രകൃതി സൗഹാർദ്ദ നെൽ കൃഷി" എന്ന സാങ്കേതിക വിദ്യാപ്രദർശനത്തിന്റെ കൊയ്ത്ത് ഉദ്ഘാടനം 27-03-2018ൽ ഉദയൻ ചാത്തൻ പാടശേഖരത്തിൽ സംഘടിപ്പിച്ചു. വിതയന്ത്രം ഉപയോഗിച്ചുള്ള വിത്തിടിൽ, മണ്ണ് പരിശോധനാടിസ്ഥാനത്തിലുള്ള കുമ്മായ (ഡോളമൈറ്റ്) രാസവള പ്രയോഗങ്ങൾ, സ്യൂഡോമോണാസ്, ട്രൈക്കോകാർഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള ജൈവകീട രോഗനിയന്ത്രണം എന്നീ സംയോജിത കൃഷിരീതികളാണ് നെൽകൃഷിയിൽ അനുവർത്തിച്ചത്. ഈ സാങ്കേതിക വിദ്യാപ്രദർശനം തലവടിയിലെ വിവിധ പാടശേഖരങ്ങളിലെ 22 കർഷകരെ പങ്കാളികളാക്കികൊണ്ട് 15 ഹെക്ടർ സ്ഥലത്താണ് നടപ്പിലാക്കിയത്. ചടങ്ങിൽ തലവടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജനൂബ് പുഷ്പാകരൻ, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. ബിനു ഐസക് രാജു, ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി. ഷീന എലിസബത്ത് ജേക്കബ്, കൃഷി ഓഫീസർ ശ്രീമതി. ആനി മാത്യു, കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി.മുരളീധരൻ എന്നിവർ പങ്കെടുത്തു. വിത്തിടൽ യന്ത്രം ഉപയോഗിക്കുക വഴി ഏക്കറിനു 10-12 കിലോഗ്രാം വിത്ത് മാത്രം ഉപയോഗിച്ചും മണ്ണ് പരിശോധനയിലൂടെ ഡോളമൈറ്റ് ഉപയോഗവും രാസവള പ്രയോഗം 50% വരെ കുറച്ചും രാസകീടകുമിൾ നാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കാൻ കഴിയുമെന്നും പങ്കാളികളായ റവ. ഫാ. ചാക്കോ തോമസ്, ശ്രീ. രാജി. എം. ചെറിയാൻ, ശ്രീ. പി. എ. ബേബി എന്നിവർ അഭിപ്രായപ്പെട്ടു. ഈ സാങ്കേതിക വിദ്യ കൂടുതൽ പാടശേഖരങ്ങളിലേക്ക് വ്യാപിപ്പിക്കാൻ മുൻകൈ എടുക്കണമെന്ന് കർഷകർ പഞ്ചായത്തിനോട്

# ജില്ലാ കാർഷിക സാങ്കേതികവിദ്യാ സംഗമം



ആത്മ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി സഹകരിച്ചുകൊണ്ട് സംഘടിപ്പിച്ച ജില്ലാതല കാർഷിക സാങ്കേതിക വിദ്യാ സംഗമത്തിൽ കൃഷി വിജ്ഞാന കേന്ദ്രം പങ്കാളിയായി. ഫെബ്രുവരി 14, 15 തീയതികളിൽ ഹരിപ്പാട് മുനിസിപ്പൽ മൈതാനത്ത് സംഘടിപ്പിച്ച മേളയിൽ മികച്ച കാർഷിക സാങ്കേതിക വിദ്യകൾ കർഷകരിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി കർഷക-ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലയിലെ സംയോജിത കൃഷിക്കനുയോജ്യമായ കാർഷിക സാങ്കേതിക വിദ്യകൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച മുഖാമുഖ പരിപാടിയിൽ കെ.വി.കെ യിലെ സാങ്കേതിക വിദഗ്ധർ, കൃഷി - അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ കർഷകരുമായി സംവദിച്ചു. തെങ്ങധിഷ്ഠിത സംയോജിത കൃഷി രീതികൾ, ശാസ്ത്രീയ മണ്ണ് പരിപാലനം, ജൈവ വളങ്ങളുടെ പ്രാധാന്യവും ഉപയോഗവും, വിളകളുടെ അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ, സംയോജിത വിളപരിപാലന മുറകൾ, വിളകളുടെ സംയോജിത രോഗ-കീട നിയന്ത്രണം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഈ പരിപാടിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കെ.വി.കെയിലെ സസ്യകീട ശാസ്ത്ര വിഗദ്ധനായ ഡോ. ടി.ശിവകുമാർ ഒരു ക്വിസ് പ്രോഗ്രാമിന് നേതൃത്വം നൽകി. രണ്ട് ദിവസങ്ങളിലായി നടന്ന മേളയിൽ 500 ഓളം കർഷകർ പങ്കെടുത്തു. കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനുമായി മേളയോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിൽ കെ.വി.കെ ഭാഗഭാക്കായി.

# പ്രധാനമന്ത്രി കർഷകരെ അഭിസംബോധന ചെയ്തു

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ന്യൂഡൽഹി പൂസായിലെ ഇന്ത്യൻ കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ ദേശീയ സമ്മേളനത്തിനോടനുബന്ധിച്ച് സംഘടിപ്പിച്ച കൃഷി ഉന്നതി മേളയിൽ പ്രധാന മന്ത്രി ശ്രീ.നരേന്ദ്രമോദി കർഷകരെ അഭിസംബോധന ചെയ്യുന്നതിന്റെ തത്സമയ സംപ്രേഷണം 2018 മാർച്ച് 17ന് കെ.വി.കെയിൽ പ്രദർശിപ്പിച്ചു. ആലപ്പുഴ, കൊല്ലം ജില്ലകളിൽ നിന്നായി 70ഓളം കർഷകരും സംരംഭകരും യുവജനങ്ങളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് പ്ലാവ് കൃഷി, ചക്കയുടെ സംരംഭ സാധ്യതകൾ, ബയോഗ്യാസ് പ്ലാന്റുകളുടെ ആവശ്യകത എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഏകദിന സെമിനാറും സംഘടിപ്പിച്ചു.

Prabha Offset, Kappil - 2437749, 9447908459

Printed & Published by: **Dr. P. Chowdappa**, Director, CPCRI, Kasaragod; Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head
Compilation, Design & Layout : Lekha G ; Technical Inputs: Rajeev M.S., Jissy George., Dr. T. Sivakumar., Dr. S. Ravi & Dr. K. Sajnanath,
Technical Assistance: Ansary K.M., Bijila P.V., Anju. K.A & Nithya. K.R; Photos: KVK Staff.